- **ഹിമാലയത്തിലെ മൂന്ന് സമാന്തര പർവതനിരകൾ :**

1) ഹിമാദ്രി (Greater Himalayas),
2) ഹിമാചൽ (Lesser Himalayas),
3) സിവാലിക് (Outer Himalayas)

- **ഹിമാദ്രി**

- ഹിമാലയത്തിലെ ഏറ്റവും ഉയരം കൂടിയ പർവത നിര - ഹിമാദ്രി
- ഹിമാദ്രിയുടെ ശരാശരി ഉയരം - 6000 മീറ്റർ
- ഹിമാലയത്തിന്റെ വടക്കേ അറ്റത്തുള്ള പർവതനിര - ഹിമാദ്രി
- ഗ്രേറ്റർ ഹിമാലയ, ഇന്നർ ഹിമാലയ എന്നീ പേരുകളിൽ അറിയപ്പെടുന്ന പർവത നിര - ഹിമാദ്രി
- "ഹിമാലയത്തിന്റെ നട്ടെല്ല്' എന്ന് വിശേഷിപ്പിക്കുന്ന ഏറ്റവും ഉയരമേറിയ പർവതനിര - ഹിമാദ്രി
- ഹിമാദ്രിയിൽ നിന്ന് ഉത്ഭവിക്കുന്ന രണ്ട് നദികൾ - ഗംഗ, യമുന
- ലോകത്തെ ഉയരംകൂടിയ 10 കൊടുമുടികളിൽ ഒൻപതും സ്ഥിതിചെയ്യുന്നത് - ഹിമാദ്രിയിൽ
- മൗണ്ട് എവറസ്റ്റ്, കാഞ്ചൻജംഗ, നംഗ പർവതം എന്നീ പർവതനിരകൾ ഹിമാദ്രിയിലാണ് സ്ഥിതി ചെയ്യുന്നത്.
- ലോകത്തിലെ ഏറ്റവും അപകടകാരിയായ പർവത നിര - അന്നപൂർണ്ണ

- **ഹിമാചൽ**

- ഹിമാദ്രിയ്ക്ക് തെക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന പർവതനിര - ഹിമാചൽ
- ഹിമാദ്രിക്കും സിവാലിക്കിനും ഇടയിലായി സ്ഥിതി ചെയ്യുന്നത് - ഹിമാചൽ
- 'ലെസ്സർ ഹിമാലയ' എന്നറിയപ്പെടുന്ന പർവതനിര - ഹിമാചൽ
- ഹിമാചലിലെ പ്രധാന പർവതനിരകൾ - പീർപാഞ്ചൽ, ദൗലദാർ, മഹാഭാരത പർവതനിരകൾ
- ഹിമാചലിലെ ഏറ്റവും വലിയ പർവതനിര - പീർപാഞ്ചൽ
- കാശ്മീർ, കുളു, കാംഗ്ര എന്നീ താഴ്വരകൾ സ്ഥിതി ചെയ്യുന്നത് - ഹിമാചലിൽ
- പീർപാഞ്ചൽ പർവതനിരയ്ക്കും ഹിമാദ്രിക്കുമിടയിൽ സ്ഥിതിചെയ്യുന്ന താഴ്വര - കാശ്മീർ താഴ്വര
- കാശ്മീർ താഴ്വര രൂപപ്പെടുത്തുന്ന നദി - ഝലം
- ദൈവങ്ങളുടെ താഴ്വര എന്ന് വിശേഷിപ്പിക്കുന്നത് - കുളു
- കുളു, മണാലി താഴ്വരകളിലൂടെ ഒഴുകുന്ന നദി - ബിയാസ്
- ഗ്രേറ്റ് ഹിമാലയൻ നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്ന താഴ്വര - കുളു
- മണികരൺ ഗെയ്സർ സ്ഥിതിചെയ്യുന്ന താഴ്വര - കുളു
- 'മനുവിൻ്റെ വാസസ്ഥലം' എന്നറിയപ്പെടുന്ന താഴ്വര - മണാലി

- ഹിമാലയൻ പിരമിഡ് എന്നറിയപ്പെടുന്ന മസ്റൂർ റോക്ക്കട്ട് ക്ഷേത്രം സ്ഥിതി ചെയ്യുന്ന താഴ്‌വര - കാൻഗ്ര
- ഹിമാചലിലെ ഒരു പ്രധാന ചുരം - റോഹ്ടാങ് ചുരം (ഹിമാചൽ പ്രദേശ്)
- സിംല, മസൂറി, നൈനിറ്റാൾ, അൽമോറ, ഡാർജിലിംഗ് എന്നീ സുഖവാസകേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത് - ഹിമാചലിൽ
- സുഖവാസകേന്ദ്രങ്ങളുടെ റാണി - മസൂറി

  (സുഖവാസകേന്ദ്രങ്ങളുടെ രാജകുമാരി - കൊടൈക്കനാൽ)
- 'Meadow of Gold' (സ്വർണപുൽമേട്) എന്നറിയപ്പെടുന്ന സുഖവാസകേന്ദ്രം - സോനാമാർഗ്
- ഹിമാചലിൽ കാണപ്പെടുന്ന പുൽമേടുകൾ -മെർഗ് (കാശ്മീർ), ബുഗ്യാൽ/പയാർ (ഉത്തരാഖണ്ഡ്)
- പൈൻ, ഓക്ക്, ദേവദാരു, ഫിർ എന്നീ മരങ്ങൾ കാണപ്പെടുന്നത് - ഹിമാചലിൽ

◦ **സിവാലിക്**

- ഹിമാലയൻ നിരകളിൽ ഏറ്റവും തെക്ക് ഭാഗത്ത് കാണപ്പെടുന്ന ഉയരം കുറഞ്ഞ പർവതനിരകൾ - സിവാലിക്
- സിവാലിക് നിരകളുടെ ശരാശരി ഉയരം- 1220 മീറ്റർ
- ഗംഗാ സമതലവുമായി ചേർന്നുകിടക്കുന്ന ഹിമാലയത്തിന്റെ ഭാഗം - സിവാലിക്

- ഭൂകമ്പങ്ങളും ഉരുൾപൊട്ടലും കൂടുതലായി അനുഭവപ്പെടുന്ന ഹിമാലയൻ പർവ്വതനിര - സിവാലിക്
- സിവാലിക് പ്രദേശത്ത് കാണപ്പെടുന്ന കൃഷി രീതി - തട്ടുതട്ടായുള്ള കൃഷിരീതി
- 'ശിവന്റെ തിരുമുടി' എന്നർത്ഥം വരുന്ന പർവത നിര - സിവാലിക്
- ഔട്ടർ ഹിമാലയം എന്നറിയപ്പെടുന്ന പർവതനിര - സിവാലിക്
- സിവാലിക് മലനിരകൾക്ക് സമാന്തരമായി 8 മുതൽ 10 കിലോമീറ്റർ വരെ പാറ കഷ്ണങ്ങളാൽ നിറഞ്ഞ ഇടുങ്ങിയ പ്രദേശം - ഭാബർ (Bhabar)
- സിവാലികിന്റെ താഴെ നദികളും അരുവികളും അപ്രത്യക്ഷമാകുന്ന പാറകളും കളിമണ്ണും നിറഞ്ഞ പ്രദേശം - ഭാബർ

- ഭാബർ പ്രദേശത്തിന് തെക്കായി (10 മുതൽ 20 കിലോമീറ്റർ വരെ) സസ്യജാലങ്ങൾ തഴച്ച് വളരുന്ന ചതുപ്പ് പ്രദേശം - ടെറായ് (Terai)
- ഭാബർ പ്രദേശത്ത് അപ്രത്യക്ഷമാകുന്ന ജലപ്രവാഹം വീണ്ടും ഉപരിതലത്തിൽ ദൃശ്യമാകുന്ന പ്രദേശം - ടെറായ്
- ദുധ്വ ദേശീയോദ്യാനം (ഉത്തർ പ്രദേശ്) സ്ഥിതി ചെയ്യുന്ന പ്രദേശം - ടെറായ്
- സിവാലിക് നിരകളിൽ കൃഷി ചെയ്യുന്ന വിളകൾ - നെല്ല്, ഉരുളക്കിഴങ്ങ്, ചോളം

- സിവാലിക് പർവതനിരയ്ക്ക് ലംബമായി നീളമേറിയതും വിസ്തൃതവുമായ താഴ്വര - ഡൂണുകൾ (Dunes)
- പ്രധാന ഡൂണുകൾ - ഡെറാഡൂൺ, കോട്‌ലി ഡൂൺ, പട്ലി ഡൂൺ
- ഏറ്റവും വലിയ ഡൂൺ - ഡെറാഡൂൺ
- ഡൂൺസ് താഴ്വരയിലെ പ്രധാന വൃക്ഷം - സാൽമരങ്ങൾ